**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385** — **19-07-2022 - ൽ മറുപടിയ്ക്ക്**

**വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഒ . ആർ. കേളു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിലുള്ള വൃക്ഷങ്ങളുടെ പ്രാധാന്യം പരിഗണിച്ച് വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കാൻ വിദ്യാലയങ്ങളിൽ ഫോറസ്റ്റി ക്ലബ്ബുകളുടെ സഹായത്തോടെ ചെറുവനങ്ങൾ നട്ടു വളർത്തുന്ന വിദ്യാവനം, നഗരങ്ങളിൽ ചെറു വനങ്ങൾ സൃഷ്ടിക്കുന്ന നഗരവനം,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ വൃക്ഷാവരണം വിപുലപ്പെടുത്തുന്ന വൃക്ഷസമൃദ്ധി പദ്ധതി, തീരദേശസംരക്ഷണത്തിനായി കാറ്റാടി തൈകൾ വച്ച് പിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നു.അതോടൊപ്പം, എല്ലാവർഷവും ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചുതുടങ്ങി വനമഹോത്സവ പരിപാടികൾ അവസാനിക്കുന്നത് വരെയുള്ള കാലയളവിൽ, വൃക്ഷ വൽക്കരണത്തിന് സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, സർക്കർ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് വൃക്ഷത്തൈകൾ സൗജന്യമായി വിതരണവും ചെയ്തു വരുന്നു. |
| (ബി) | വൃക്ഷാവരണ വർദ്ധനവിലൂടെ കാർബൺ ആഗിരണ ക്ഷമത വർദ്ധിപ്പിച്ച് കാർബൺ ന്യൂട്രലാക്കുന്നതിന് വയനാട്ടിൽ ആരംഭിച്ചിട്ടുള്ള കാർബൺ ന്യൂട്രൽ വയനാട് എന്ന പദ്ധതി മാതൃക തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ സംസ്ഥാനത്താകെ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ; | (ബി) | വൃക്ഷാവരണ വർദ്ധനവിലൂടെ കാർബൺ ആഗിരണ ക്ഷമത വർദ്ധിപ്പിക്കുന്നതിന് വൃക്ഷസമൃദ്ധി പദ്ധതി വിഭാവനം ചെയ്ത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഓരോ വർഷവും അരക്കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ചും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അവ നട്ടുപരിപാലിക്കുന്നതിനുമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ? | (സി) | 2009-10 മുതൽ 2021-22 കാലയളവ് വരെ ഹരിതകേരളം പദ്ധതിയിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ നഴ്സറികളിൽ ഉൽപാദിപ്പിച്ച തൈകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നട്ടു പിടിപ്പിച്ചിട്ടുണ്ട്. 2022 വർഷത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വൃക്ഷത്തൈ ഉത്പാദിപ്പിച്ച് അവ നട്ടുപരിപാലിക്കുന്നതിനുള്ള വൃക്ഷസമൃദ്ധി പദ്ധതി ഈ വർഷം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ